# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.5154    22.05.2017 ലെ മറുപടി

## തിരുവനന്തപുരം നഗരത്തിലെ തോട്ടുകൾ വൃത്തിയാക്കുന്ന ജോലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>,,വി.എസ്.ശിവകുമാർ<br>,,കെ.മുരളീധരൻ<br>,,എം.വിൻസെന്റ്: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാലവർഷത്തിന് മുന്നോടിയായി തിരുവനന്തപുരം നഗരത്തിലെ തോട്ടുകൾ വൃത്തിയാക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; | (എ) ഉണ്ട്. തിരുവനന്തപുരം നഗരത്തിലെ തെക്കനക്കര കനാൽ, ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല ഭാഗം മുതൽ ആക്കുളം വരെയുള്ള ഭാഗം, ഉള്ളൂർ തോട് എന്നിവയാണ് ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന പ്രധാന തോട്ടുകൾ. അവയിൽ തെക്കനക്കര കനാൽ വൃത്തിയാക്കുന്ന ജോലികൾ പുരോഗമിക്കുന്നു. ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല ഭാഗം മുതൽ ആക്കുളം വരെയുള്ള ഭാഗം നവീകരിക്കുന്നതിനും വൃത്തിയാക്കുന്നതിനുമുള്ള 13.50 കോടി രൂപയുടെ എസ്റ്റിമേറ്റ് 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അഭാവത്താൽ ഭരണാനുമതി നല്കിയിട്ടില്ല. ആമയിഴഞ്ചാൻ തോടിന്റെ ഒബ്സർവേറ്ററി മുതൽ കണ്ണമ്മൂല ഭാഗം വരെയുള്ള പഴവങ്ങാടി തോടിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നത് കെ.എസ്.യു.ഡി.പി മുഖേനയാണ്. ഉള്ളൂർ തോടിലെ ചെളി മാറ്റൽ ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങളുടെ കരാർ നിലവിലുണ്ട്. പണി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആമയിഴഞ്ചാൻ തോടുൾപ്പെടെയുള്ള തിരുവനന്തപുരം നഗരത്തിലെ തോടുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ യുദ്ധ കാലാടിസ്ഥാനത്തിൽ തുടങ്ങുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി | ആമയിഴഞ്ചാൻ തോട്, ഉള്ളൂർ തോട്, കണ്ണമ്മൂല തോട് എന്നിവ പൂർണ്ണമായും മാലിന്യം കൊണ്ടും ചെളിയടിഞ്ഞും വൃത്തിഹീനമായി കിടക്കുന്നത് കാരണം നഗരത്തിൽ പകർച്ച വ്യാധികൾ പടരുന്നതായുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഏത് ഏജൻസിയാണ് പ്രസ്തുത തോടുകൾ വൃത്തിയാക്കുന്നതിനുള്ള ജോലി ഏറ്റെടുത്തിട്ടുള്ളത്; | (സി) | (1.) തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ട് നിവാരണവുമായി ബന്ധ പ്പെട്ട് ഉള്ളൂർത്തോടിന്റെ ഇരു കരകളും സംരക്ഷണത്തിനായി കൊല്ലവിള പാലം മുതൽ പാറ്റൂർ വരെയുള്ള ഭാഗങ്ങളിൽ തോട് വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തി (ബാലൻസ് വർക്ക്) ഗവൺമെന്റ് കോൺട്രാക്ടർ ശ്രീ.രാജു ഏറ്റെടുത്ത് നടത്തി വരുന്നു.<br><br>(2.) തിരുവനന്തപുരം ജില്ലയിൽ വെള്ളക്കെട്ട് നിവാരണവുമായി ബന്ധ പ്പെട്ട് ഉള്ളൂർ തോട് മുതൽ കൊല്ലവിള വരെ ഇരു കരകളുടേയും സംരക്ഷണവും വൃത്തിയാക്കലും സംബന്ധിച്ച പ്രവൃത്തി ഗവൺമെന്റ് കോൺട്രാക്ടർ ശ്രീ.റ്റി. അപ്പുക്കുട്ടൻ ഏറ്റെടുത്ത് നടത്തി വരുന്നു.<br><br>ആമയിഴഞ്ചാൻ തോടിന്റെ ഒബ്സർവേറ്ററി മുതൽ കണ്ണമ്മൂല ഭാഗം വരെയുള്ള പഴവങ്ങാടി തോടിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത് കെ.എസ്.യു.ഡി.പി മുഖേനയാണ്. |

(ഡി) വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതാണ് തോടുകൾ വൃത്തിയാക്കുന്ന ജോലി ആരംഭിക്കാത്തതിന് കാരണം എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ: എങ്കിൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് വർഷകാലത്തിന് മുമ്പ് തോടുകൾ ശുചിയാക്കുന്ന നടപടി കൈക്കൊള്ളുമോ?

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

18.05.2017 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആമയിഴഞ്ചാൻ തോടുൾപ്പെടെയുള്ള തിരുവനന്തപുരം നഗരത്തിലെ തോടുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ തുടങ്ങുവാൻ തീരുമാനിക്കുകയും അതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**